I ഇ.ബി. XIII-കേരള നിയമസഭ/XIV-18

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അനുമോദനം**

**ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

മി. സ്പീക്കർ: ജൂലൈ 22-ാം തീയതി മസ്തിഷ്കമരണം സ്ഥിരീകരിക്കപ്പെട്ട തിരുവനന്തപുരം പാറശ്ശാല സ്വദേശി അഡ്വ. എസ്. നീലകണ്ഠശർമ്മയുടെ ഹൃദയം ഒന്നേകാൽ മണിക്കൂർ കൊണ്ട് കൊച്ചിയിലെത്തിച്ച് ചാലക്കുടിയിലെ ഓട്ടോറിക്ഷാ ഡ്രൈവറായ മാത്യു ആന്റണിക്ക് വിജയകരമായി തുന്നിച്ചേർത്ത പ്രവൃത്തിയിലൂടെ അവയവദാനത്തിന്റെ മഹത്വം ജനങ്ങളിലെത്തിക്കാനും പുതിയൊരു അവബോധം വളർത്താനും സാധിച്ചിട്ടുണ്ട്. ഹൃദയം മാത്രമല്ല, വൃക്കകളും കണ്ണുകളും ദാനം

ചെയ്യതിലൂടെ മഹത്തായ സന്ദേശം നൽകിയ നീലകണ്ഠ ശർമ്മയുടെ കുടുംബത്തെയും ഈ ജീവകാരുണ്യ പ്രവർത്തനത്തെ ഏകോപിപ്പിക്കുകയും സഹായിക്കുകയും പങ്കാളികളാകുകയും ചെയ്ത സംസ്ഥാന സർക്കാർ, ബഹു. മുഖ്യമന്ത്രി, ഇൻഡ്യൻ നേവി, പോലീസ് സേനാംഗങ്ങൾ, ഡോക്ടർമാർ, ഇക്കാര്യം ജനങ്ങളിലെത്തിച്ച മാധ്യമ പ്രവർത്തകർ തുടങ്ങി എല്ലാവരെയും ഹൃദയംഗമമായി അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ബഹു. സ്പീക്കറുടെ പരാമർശങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന വിജയം നേടിയ ലിസി ആശുപത്രിയിലെ മെഡിക്കൽ സംഘത്തെയും ഇതിന് വഴിയൊരുക്കിയ നീലകണ്ഠ ശർമ്മയുടെ കുടുംബത്തെയും ഇതിൽ പങ്കാളികളായ എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): ജീവിച്ചിരുന്നപ്പോൾ തന്നെ വളരെയധികം സാമൂഹിക പ്രതിബദ്ധത പ്രകടിപ്പിച്ചിരുന്ന നീലകണ്ഠ ശർമ്മ മരണപ്പെട്ടപ്പോൾ ഹൃദയം ഉൾപ്പെടെയുള്ള അവയവങ്ങൾ ദാനം ചെയ്യാനായി തീരുമാനമെടുത്ത അദ്ദേഹത്തിന്റെ കുടുംബത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. അവയവദാനത്തിന് പ്രാധാന്യം നൽകി രൂപം കൊടുത്ത 'മൃതസഞ്ജീവനി' പദ്ധതിയിലൂടെ മസ്തിഷ്കമരണം സംഭവിച്ചവരുടെ അവയവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് സഹായകരമായ

രീതിയിൽ രോഗികളുടെ പ്രത്യേക ലിസ്റ്റ് ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു എയർ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അടിയന്തരപ്രമേയം

### സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: സ്വകാര്യ സ്വാശ്രയ കോളേജുകളുമായി കാലേക്കൂട്ടി ചർച്ച നടത്തി പ്രവേശനം, ഫീസ് എന്നീ കാര്യങ്ങളിൽ കരാറിൽ എത്തിയിട്ടില്ലാത്തതിനാൽ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 905 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് ഉൾപ്പെടെ എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റ് നടത്തുമെന്ന് പ്രോസ്പെക്ടസിലൂടെ സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കപ്പെട്ടിരിക്കുകയും ഭൂരിഭാഗം സ്വകാര്യ സ്വാശ്രയ കോളേജുകൾ വൻതുക കോഴ വാങ്ങി മൊത്തം സീറ്റുകളിലേയ്ക്കും സ്വതന്ത്രമായി പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയും, എസ്.സി./എസ്.ടി. ഉൾപ്പെടെ മെരിറ്റ് ലിസ്റ്റിലെ വിദ്യാർത്ഥികൾക്ക് എഴുന്നൂറോളം സീറ്റുകൾ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50

പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാശ്രയ മാനേജ്മെന്റുകളുമായി പല പ്രാവശ്യം ചർച്ച നടത്തി വളരെ ഗൗരവത്തോടുകൂടിയാണ് മെഡിക്കൽ പ്രവേശനത്തിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുനീങ്ങുന്നത്. സംസ്ഥാനത്തെ പല സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെയും അംഗീകാരം ലഭിക്കാത്തതിനാലാണ് അഡ്മിഷൻ പ്രക്രിയ നീണ്ടുപോകുന്നത്. ഒമ്പത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും സ്വാശ്രയ മേഖലയിൽ കോലഞ്ചേരി മെഡിക്കൽ കോളേജിലും മാത്രമേ അലോട്ട്മെന്റ് നടന്നിട്ടുള്ളൂ. സംസ്ഥാന ഗവൺമെന്റ് എഗ്രിമെന്റിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന പതിനഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ആറെണ്ണത്തിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. സ്വാശ്രയ കോളേജുകളുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുള്ള ചർച്ച പുരോഗമിക്കുകയാണ്. സ്വാശ്രയ മാനേജുമെന്റുകൾ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവേശനം നടത്തിയാൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുന്നതാണ്. സമയപരിധിക്കുള്ളിൽ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് മന്ത്രി

നൽകിയിരിക്കുന്നത്. റാങ്ക് ലിസ്റ്റിലുള്ള പതിനായിരക്കണക്കിന് കുട്ടികൾ അനിശ്ചിതത്വത്തിന്റെ നിഴലിലാണ് കഴിയുന്നത്. ഒമ്പത് സർക്കാർ കോളേജുകളിലും ഒരു സ്വാശ്രയ കോളേജിലും മാത്രമേ അലോട്ട്മെന്റ് നടക്കാൻ പോകുന്നുള്ളൂ. കരാർ ഒപ്പിട്ട കോളേജുകളിൽ പോലും അലോട്ട്മെന്റ് നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. സർക്കാരുമായി എഗ്രിമെന്റിൽ ഏർപ്പെടാൻ തയ്യാറാകാത്ത സ്വാശ്രയ കോളേജുകളുകൾക്കെതിരെ എന്തെങ്കിലും നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. നാല് കാത്തലിക് മാനേജുമെന്റ് കോളേജുകളുമായി മാത്രമേ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് സർക്കാരിന് സാധിച്ചിട്ടുള്ളൂ. ഇതിന്റെ ഫലമായി എഴുന്നൂറോളം മെരിറ്റ് സീറ്റുകൾ നഷ്ടപ്പെടാൻ പോകുകയാണ്. സമയം വൈകിയതിനാൽ പരീക്ഷ നടത്താൻ സാധ്യമല്ല എന്ന നിലപാടാണ് ജെയിംസ് കമ്മിറ്റി സ്വീകരിച്ചിരിക്കുന്നത്. മെരിറ്റിൽ വന്നിരിക്കുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുന്ന സാഹചര്യം മറച്ചുവച്ചുകൊണ്ടാണ് മന്ത്രി ഇവിടെ സംസാരിച്ചത്. സ്വാശ്രയ കോളേജുകളെ സഹായിക്കുന്ന നിലപാട് തുടർച്ചയായി സ്വീകരിച്ചതിന്റെ ഫലമായി 50:50 എന്ന സങ്കൽപ്പം തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. സർക്കാർ നിശ്ചയിച്ച ഫീസ് പരിഗണിക്കാതെ മെരിറ്റ് സീറ്റിൽ 4 ലക്ഷം രൂപ വാങ്ങുന്നതിന് കാത്തലിക് മാനേജ്മെന്റുകൾക്ക് മൗനാനുവാദം നൽകിയ സർക്കാരിന്റെ ഇരട്ടത്താപ്പ് നയം

കാരണം മറ്റ് മാനേജ്മെന്റുകൾ ഉയർന്ന ഫീസ് ഈടാക്കുന്ന സാഹചര്യമുണ്ടായി. സ്വാശ്രയ മെഡിക്കൽ കോളേജുകൾ എഗ്രിമെന്റിൽ ഒപ്പു വയ്ക്കാൻ തയ്യാറാകാത്തതുകാരണം കഴിഞ്ഞ വർഷം 450 മെരിറ്റ് സീറ്റുകളാണ് നഷ്ടപ്പെട്ടത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനോ സർക്കാർ തയ്യാറാകുന്നില്ല. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ താല്പര്യങ്ങൾക്കു വിട്ടുകൊടുക്കുന്ന സർക്കാർ നയം തിരുത്തണം. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റിലെ പ്രവേശനവുമായി ബന്ധപ്പെട്ട് നേരത്തതന്നെ ചർച്ചകൾ നടത്തുകയും ഇന്റർചർച്ച് കൗൺസിലിന്റെ നാലു മെഡിക്കൽ കോളേജുകളുമായി ധാരണ ഉണ്ടാക്കുകയും ഡെന്റൽ കോളേജുകളുമായി കരാർ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. സെപ്തംബർ മാസത്തെ അലോട്ട്മെന്റിന് മുമ്പ് അംഗീകാരം ലഭ്യമായ നാലു മെഡിക്കൽ കോളേജുകൾകൂടി എഗ്രിമെന്റിൽ ഒപ്പുവയ്ക്കും. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഇതു വരെയും ലഭ്യമാകാത്ത 6 മെഡിക്കൽ കോളേജുകൾ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് ഒപ്പു വയ്ക്കാൻ തയ്യാറാണെന്ന്

അറിയിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ സമയം പ്രവേശനം പൂർത്തീകരിക്കുന്നതിന് വേണ്ടിവരുന്നതാണ്. അടുത്ത അലോട്ട്മെന്റോടെ മെരിറ്റ് സീറ്റിൽ അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭ്യമാകുന്ന സാഹചര്യമാണുള്ളത്. സർക്കാർ മേഖലയിലുള്ള ഒൻപത് മെഡിക്കൽ കോളേജുകൾക്കും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിക്കുകയും അഡ്മിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിനായി 1400-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനാണ് കഴിഞ്ഞ വർഷം കേരളത്തിലെ എം.ബി.ബി.എസ്.- ൽ ഫസ്റ്റ് റാങ്ക് ലഭിച്ചത്. പുതിയ മെഡിക്കൽ കോളേജുകൾ വരുമ്പോൾ പ്രൊഫസർമാരെയും അസോസിയേറ്റ് പ്രൊഫസർമാരെയും ഡി.എം.ഇ.യുടെ കീഴിലുള്ള കോളേജുകളിൽ അറേഞ്ച് ചെയ്യേണ്ടിവരും. പ്രൊഫസർമാരുൾപ്പെടെയുള്ള സ്റ്റാഫുകളുടെ നിയമനം പി.എസ്.സി. വഴിയാണ് നടത്തിവരുന്നത്. പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ കോളേജുകൾക്കും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയും. ക്രിസ്ത്യൻ മാനേജ്മെന്റുകൾ കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി അൻപത് ശതമാനം സീറ്റിൽ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിനും പാവപ്പെട്ട കുട്ടികൾക്ക് നാൽപത് ലക്ഷം രൂപ സ്കോളർഷിപ്പ്

ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. എഗ്രിമെന്റ് വയ്ക്കാതെ മുന്നോട്ട് പോകുന്ന കോളേജുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം ഇവർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിനും അഫിലിയേഷൻ റദ്ദാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മെറിറ്റ് സീറ്റുകളിൽ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതും ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതുമാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) കോഴിക്കോട് വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കോഴിക്കോട് വിമാനത്താവളത്തിലെ റൺവേ

അറ്റകുറ്റപ്പണികളുടെ പേരിൽ വലിയ വിമാനങ്ങളുടെ സർവ്വീസ് റദ്ദാക്കിയിരിക്കുന്നത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിച്ചിരിക്കുകയാണ്. സെപ്റ്റംബർ 15-ാം തീയതി ആരംഭിച്ച് 19 മാസംകൊണ്ട് പ്രവൃത്തി തീർക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തി തുടങ്ങുന്നതിന് മാസങ്ങൾക്കുമുമ്പുതന്നെ വിമാന സർവ്വീസുകൾ റദ്ദാക്കിയതും വിദേശ വിമാനക്കമ്പനികളുടെ കോഴിക്കോട്ടുള്ള ഓഫീസുകൾ അടച്ചുപൂട്ടിയതും ജനങ്ങളിൽ ആശങ്ക ഉളവാക്കിയിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റൺവേ അറ്റകുറ്റപ്പണികൾ കുറഞ്ഞ സമയത്തിനകം തീർക്കുന്നതിനും പ്രവൃത്തി കഴിഞ്ഞാൽ പഴയതുപോലെ വിമാനത്താവളം പ്രവർത്തിക്കുന്നതിന് അവസരമൊരുക്കുന്നതിനും കരിപ്പൂർ വിമാനത്താവളത്തിൽനിന്ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് കണക്ഷൻ ഫ്ലൈറ്റ് ഏർപ്പെടുത്തുന്നതിനും കസ്റ്റംസും എമിഗ്രേഷൻ ക്ലിയറൻസും കരിപ്പൂരിൽത്തന്നെ നടത്തുന്നതിനും നടപടി സ്വീകരിക്കണം. വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഉന്നതതല യോഗം കൂടാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): കോഴിക്കോട് വിമാനത്താവളത്തിൽ ഭാരംകൂടിയ വിമാനങ്ങൾ സർവ്വീസ് നടത്തിയതിനാൽ റൺവേ പൊളിഞ്ഞുപോകുകയും താൽക്കാലിക

അറ്റകുറ്റപ്പണികൾകൊണ്ട് നിലനിർത്താൻ കഴിയാത്ത സാഹചര്യം സംജാതമായതിനാൽ റൺവേയുടെ കാര്യക്ഷമതയ്ക്ക് ചേർന്ന വിമാനങ്ങൾ മാത്രം അനുവദിച്ചാൽ മതിയെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനിച്ചു. 2015 സെപ്റ്റംബർ 15-ാം തീയതി മുതൽ 18 മാസക്കാലം പകൽ 12 മണിമുതൽ രാത്രി 8 മണിവരെ റൺവേ ബലപ്പെടുത്തുന്നതിനും ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. മുമ്പുണ്ടായിരുന്ന എല്ലാ വിമാന സർവ്വീസുകളും തുടർന്നുമുണ്ടാകുമെന്നും വിമാനക്കമ്പനികൾ പുതുക്കിയ സമയവിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും പുതിയ വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അധിക കൗണ്ടറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് റൺവേ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിബന്ധനകളോടെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ടെന്നും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും റൺവേയുടെ കാര്യക്ഷമതയ്ക്ക് ചേർന്ന വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനത്തിന് 132 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ

പുനരധിവാസത്തിനും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ റസിഡൻഷ്യൽ കോളനിക്കും മറ്റുമായി 40 ഏക്കർ ഭൂമിയും രണ്ടാംഘട്ട വികസനത്തിനുള്ള 248.3 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങൾ ഫലപ്രദമാകാത്ത സാഹചര്യമുണ്ടായാൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തെ സമീപിക്കുന്നതാണ്. വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് 28.07.2015-ന് ബന്ധപ്പെട്ടവരുടെ യോഗം കൂടുന്നതാണ്. വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ ജനപ്രതിനിധികൾ മുൻകയ്യെടുക്കണം.

## (2) <u>ഭരണാനുമതി നൽകൽ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അധിക തുക വകയിരുത്തണം. ഈ പദ്ധതികളെല്ലാം വെറും പ്രഖ്യാപനങ്ങൾ മാത്രമായി നിൽക്കുകയാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാക്കാൻ യാതൊരു

നടപടിയും സ്വീകരിച്ചിട്ടില്ല. നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനുവേണ്ടി രണ്ട് ഏക്കർ സ്ഥലം അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കണം. നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ താലൂക്ക് ആരംഭിക്കാനും പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനും കാസർഗോഡ് ജില്ലയിൽ പൂരക്കളി അക്കാദമി സ്ഥാപിക്കാനും നടപടിയുണ്ടാകണം. ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനസമ്പർക്ക പരിപാടി ആദ്യം നടത്തിയ തിരുവനന്തപുരം ജില്ലയിലൊഴികെ പതിമൂന്ന് ജില്ലകളിലും ചാർജ് വഹിക്കുന്ന മന്ത്രിമാർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച ചെയ്ത് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്ജറ്റിലോ നയപ്രഖ്യാപന പ്രസംഗങ്ങളിലോ നിയമസഭയിലോ ഉന്നയിച്ചിട്ടുള്ളതും നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുന്നതുമായ പദ്ധതികൾ സാങ്കേതിക-നിയമ തടസ്സങ്ങൾ നീക്കി പ്രാവർത്തികമാക്കുന്നതിന് പ്രത്യേക സ്കീമുകൾ തയ്യാറാക്കിവരികയാണ്.

കാരുണ്യ പദ്ധതിയുടെ ആനുകൂല്യം മംഗലാപുരം ഉൾപ്പെടെയുള്ള കേരള അതിർത്തിയിലെ പ്രധാനപ്പെട്ട ആശുപത്രികളിലെത്തുന്നവർക്കും നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്ത സംസ്ഥാനത്തിനകത്തെ ആശുപത്രികളിലെത്തുന്നവർക്കും നൽകണമെന്ന നിരന്തരമായ ആവശ്യം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഓരോ രോഗത്തിനും പേമെന്റ് ഫിക്സ് ചെയ്യുന്നത് സംബന്ധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്. പള്ളിക്കര റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിച്ചുവരികയാണ്. കാഞ്ഞങ്ങാട് മാതൃകയിൽ നിലവിലുള്ള വീതിയിൽ ആർ.ഒ.ബി. പണിയാനും റോഡിന് വീതി കൂട്ടുന്ന അവസരത്തിൽ സമാന്തര പാത നിർമ്മിക്കാനും അനുമതി നൽകണമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. നീലേശ്വരത്ത് ബസ് സ്റ്റാന്റ് സ്ഥാപിക്കണമെന്ന ആവശ്യം അംഗീകരിച്ച് കാർഷിക യൂണിവേഴ്സിറ്റിയുടെ സ്ഥലം അനുവദിച്ചുവെങ്കിലും തർക്കം നിലനിൽക്കുന്നതിനാൽ ജനങ്ങൾക്ക് സൗകര്യപ്രദമായി എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കാനും നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ നീക്കി അഭിപ്രായ സമന്വയം രൂപീകരിക്കാനും ശ്രമിച്ചുവരികയാണ്. കാസർഗോഡ് ഉൾപ്പെടെയുള്ള പതിമൂന്ന് ജില്ലകളിലും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി

നടപ്പിലാക്കുന്നതാണ്.

## സബ്മിഷൻ

### (1) തീരപ്രദേശത്തെ ഭവന നിർമ്മാണം

ശ്രീ. റ്റി. എൻ. പ്രതാപൻ: തീരദേശ പരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ കടൽ, കായൽ, ഉൾനാടൻ ജലാശയ തീരങ്ങളിൽ വസിക്കുന്നവർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് വീട് വയ്ക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിന്റെ തീരപ്രദേശത്തെ 10 ജില്ലകളിലെ നിയോജകമണ്ഡലങ്ങൾ തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നു. നിയമത്തിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമിക്കുകയാണ്. തദ്ദേശവാസികളായ ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും ദൂരപരിധി 100 മീറ്റർ എന്നുള്ളത് 50 മീറ്റർ ആയി കുറയ്ക്കണമെന്നും ഇതിന് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് അതാത് ജില്ലാകളക്ടർമാർ ചെയർമാനായ സമിതിക്ക് അധികാരം കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച ഡോ. ശൈലേഷ് നായിക് അധ്യക്ഷനായ സമിതി അനുകൂലമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ

റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും നടപ്പാക്കാനും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

## (2) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചി തുറമുഖം എന്നിവയുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കൽ

ശ്രീ. ബെന്നി ബെഹനാൻ: വല്ലാർപാടം കണ്ടയ്നർ ടെർമിനലും കൊച്ചി തുറമുഖവും കൂടുതൽ കാര്യക്ഷമമാക്കി അവയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വല്ലാർപാടം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കൊത്ത് മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിച്ചിട്ടില്ല. കപ്പാസിറ്റി മൂന്നിലൊന്ന് മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നതുകൊണ്ട് വരുമാനത്തിലും കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൂന്നുവർഷത്തേയ്ക്ക് ഡ്രഡ്ജിംഗ് സബ്സിഡി അനുവദിക്കണമെന്നും 400 കോടി രൂപയുടെ സാമ്പത്തിക സഹായം പോർട്ട് ട്രസ്റ്റിന് അടിയന്തരമായി അനുവദിക്കണമെന്നും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ടെയ്നർ നീക്കത്തിന് പ്രതിലോമകരമായി വരുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (3) <u>കച്ചവടക്കാർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ഗുരുവായൂരിൽ ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഗുരുവായൂർ ക്യൂ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയും ദേവസ്വം ബോർഡ് പ്രസിഡന്റുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യൂ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് അവിടത്തെ വ്യാപാരികളുമായി ചർച്ച ചെയ്യുന്നതിന് എത്രയും പെട്ടെന്ന് യോഗം വിളിച്ചുകൂട്ടുന്നതാണ്.

## (4) <u>ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകത</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സംഘടനകളുമായി ചർച്ച ചെയ്ത് പത്താം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനും ലബ്ബാ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ നടപ്പിലാക്കുന്നതിനും ഹയർ സെക്കണ്ടറി വിഭാഗത്തിലെ സീനിയർ-ജൂനിയർ തസ്തികകളിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ

റിപ്പോർട്ടിന്റെ ആദ്യഭാഗം സർക്കാരിന് ലഭിച്ചെങ്കിലും ഇതുസംബന്ധിച്ച് മന്ത്രിസഭാ തലത്തിൽ വിശദമായ ചർച്ച നടത്തിയിട്ടില്ല. ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ജീവനക്കാരുടെ പങ്കിനെയും പങ്കാളിത്തത്തെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് മന്ത്രിസഭാ തലത്തിൽ ചർച്ചയും പരിശോധനയും നടത്തി റിപ്പോർട്ടിന്മേലുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

ശ്രീ. പി. സി. വിഷ്ണുനാഥ്: നിലവിലെ വ്യവസ്ഥ അട്ടിമറിച്ചുകൊണ്ട് വിദ്യാഭ്യാസ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾ റിലയൻസിനെ ചുമതലപ്പെടുത്തിയ തീരുമാനത്തിന്മേൽ സർക്കാർ അടിയന്തര ഇടപെടൽ നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബാങ്കുകളുടെ ദേശസാത്കരണം കൊണ്ട് ഉദ്ദേശിച്ചിരുന്നതിന് കടകവിരുദ്ധമായ പ്രവർത്തനമാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്. വിദ്യാഭ്യാസ വായ്പാ സമ്പ്രദായം കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കുമെന്നും അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമെന്നും വിദ്യാഭ്യാസ കാലഘട്ടത്തെ പകുതി പലിശ യു.പി.എ. ഗവൺമെന്റ് വഹിക്കുമെന്നുമുള്ള നിലപാടിനെ അട്ടിമറിച്ചുകൊണ്ടുള്ള തീരുമാനം തികച്ചും പ്രതിഷേധാർഹമാണ്.

നിയമസഭയുടെ പൊതു വികാരമെന്ന നിലയ്ക്ക് പ്രതിപക്ഷാംഗങ്ങളുമായി ആലോചിച്ച് ഇതിനെതിരെ ഒരു പ്രമേയം പാസ്സാക്കി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര മന്ത്രി ശ്രീ. അരുൺ ജെയ്റ്റിലിക്കും ശ്രീ. അനിൽ അംബാനിക്കും അയയ്ക്കുന്നതാണ്.

## (6) എയർ ആംബുലൻസ്

(ശ്രീ. എ. റ്റി. ജോർജ് എം.എൽ.എ.യും പ്രസ്തുത വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. )

ശ്രീ. ഷാഫി പറമ്പിൽ: മൃതസഞ്ജീവനി പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് എയർ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം അവയവദാതാക്കളുടെ മൃതദേഹം ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കുന്നതിനും അവരുടെ മക്കൾക്ക് ഗ്രേസ് മാർക്കും കുടുംബാംഗങ്ങൾക്ക് ധനസഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എയർ ആംബുലൻസ് സർവ്വീസ് കേരളത്തിന് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിവരുന്നു. ഗവൺമെന്റിനുതന്നെ ഒരു എയർ ആംബുലൻസ് വാങ്ങാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് ആലോചിക്കും. എയർ ആംബുലൻസ് സർവ്വീസ് നടത്തുന്നതിനായി മുന്നോട്ടുവരുന്നവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും. എറണാകുളത്തെ സംഭവം കൂട്ടായ്മയുടെ വിജയവും ഡോക്ടർമാരുടെ കഴിവ്

തെളിയിക്കലും ആരോഗ്യസേവന രംഗത്ത് ലോകത്തെവിടെയും കിട്ടുന്ന സൗകര്യം കേരളത്തിലും കിട്ടുമെന്നുള്ള വലിയൊരു സന്ദേശവും കൂടിയാണ്. അവയവദാനത്തിനുള്ള പ്രോത്സാഹനം എങ്ങനെയാകണമെന്നത് സംബന്ധിച്ച് ചർച്ച നടത്തി പരമാവധി പ്രോത്സാഹനം കൊടുക്കാനും സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ശ്രമിക്കും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രൈവറ്റ് ആശുപത്രികളുമായിച്ചേർന്ന് എയർ ആംബുലൻസ് സർവ്വീസ് നടത്താനായി ധാരാളം ആളുകൾ മുന്നോട്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായി രണ്ടുപ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കും.

## (7) ഓൺലൈൻ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: റബ്ബർ കർഷകർക്ക് താങ്ങുവില ലഭിക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി ദീർഘിപ്പിക്കുന്നതിനും പട്ടയമില്ലാത്ത കർഷകരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ

സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് നേരിട്ട് സാമ്പത്തികസഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ റബ്ബർ പ്രോഡക്റ്റ്സ് ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി റബ്ബർ കർഷകരുടെ വ്യക്തിഗത വിവരങ്ങൾ നിശ്ചിത വെബ്സൈറ്റിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി മുഖേന രജിസ്റ്റർ ചെയ്യണം. ഇപ്രകാരമുള്ള രജിസ്ട്രേഷൻ നടപടിക്ക് സമയപരിധി ഏർപ്പെടുത്തിയിട്ടില്ല. ഈ വിധം രജിസ്റ്റർ ചെയ്യപ്പെടുന്ന റബ്ബർ കർഷകരുടെ രജിസ്ട്രേഷന് റബ്ബർ ബോർഡ് അംഗീകാരം നൽകുന്നതോടെ കർഷകൻ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹനായിത്തീരും. ഈ പദ്ധതിയിൽ ഇതുവരെ 11386 കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതും എന്നാൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നതും റബ്ബർ ബോർഡിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നവരുമായ റബ്ബർ കർഷകർക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. റബ്ബർ കർഷകർക്ക് താങ്ങുവില ലഭിക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ തീയതി ദീർഘിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

## (8) നിയമഭേദഗതി റദ്ദ് ചെയ്യൽ

ശ്രീ. വർക്കല കഹാർ: വിൽപ്പന നികുതി ബാധകമായ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഖാദി തുണിത്തരങ്ങളെ ഉൾപ്പെടുത്തിയ നിയമഭേദഗതി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സംസ്ഥാനത്തിനകത്ത് വിൽക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങളിൽ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവയായതിനാൽ പ്രസ്തുത ഉൽപ്പന്നങ്ങളെ വാറ്റിൽ നിന്നും ഒഴിവാക്കിയാൽ അതിന്റെ ഗുണം ലഭിക്കുന്നത് അന്യസംസ്ഥാനങ്ങൾക്കാണ്. നിരവധി വ്യാപാരികൾ തുണിത്തരങ്ങളെ കൈത്തറി, ഖാദി എന്നിങ്ങനെ തെറ്റായി വർഗ്ഗീകരിച്ച് നികുതി വെട്ടിപ്പ് നടത്തുന്നു. ഇത്തരം നികുതി വെട്ടിപ്പ് ഒഴിവാക്കാനാണ് ഈ വർഷം മുതൽ എല്ലാ തുണിത്തരങ്ങൾക്കുമേലും 1 ശതമാനം വാറ്റ് ചുമത്തുന്നത്. ഖാദി, കൈത്തറി ഉൽപ്പാദന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് സർക്കാരിന്റെ കടമയാണ്. എല്ലാ തുണിത്തരങ്ങൾക്കും ചുമത്തിയിരിക്കുന്ന 1 ശതമാനം വാറ്റ് തുടരേണ്ടതുള്ളതുകൊണ്ട് സംസ്ഥാനത്തുള്ള ഖാദി, കൈത്തറി ഉൽപ്പാദക യൂണിറ്റുകൾക്ക് ആവശ്യമായ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (9) മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം സ്രോതസ്സായി സമഗ്ര കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പാലക്കാട് ആലത്തൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി ഒരു ബൃഹത് പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകുകയും വെള്ളമെടുക്കുന്നതിനും ശുദ്ധീകരണശാല, ജലസംഭരണി എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി ജലവിഭവ വകുപ്പിന്റെ അനുമതി തേടുകയും ചെയ്തിരുന്നു. സ്ഥലം കൈമാറുന്നതിനുള്ള ഉന്നതതല യോഗ തീരുമാനമനുസരിച്ച് പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച് പരിശോധിച്ചുവരികയാണ്. അടിയന്തരമായി വാട്ടർ അതോറിറ്റിക്ക് ആവശ്യമായ സ്ഥലവും ഭരണാനുമതിയും നൽകുന്നതാണ്.

## (10) മാമം നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ) : ആറ്റിങ്ങൽ മാമം നാളികേര വികസന കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച രണ്ടു കോടി രൂപയിൽ ഒരു കോടി നാല്പത്തിനാല് ലക്ഷം രൂപ ഓയിൽ പ്ലാന്റ് മെഷീണറി സ്ഥാപിക്കുന്നതിനും ഇരുപത് ലക്ഷം രൂപ നിലവിലുള്ള പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായും വിനിയോഗിച്ചിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ പ്രവർത്തനം ആഗസ്റ്റ് മാസം തന്നെ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ പ്രതിദിനം മുപ്പത് ടൺ കൊപ്രയിൽ നിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തേങ്ങാവെള്ളം സംസ്കരിച്ച് പാനീയമാക്കുന്നതിനുള്ള നടപടികളും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

## (11) മണികണ്ഠനെ മർദ്ദിച്ച സംഭവം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ പെരുമ്പാറ ഗിരിജൻ കോളനിയിൽ സജീവന്റെ മകൻ മണികണ്ഠനെ ക്രൂരമായി മർദ്ദിച്ച ജയിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പൊതു സ്ഥലത്ത് മദ്യപിച്ച് കലഹസ്വഭാവിയായി കാണപ്പെട്ട മണികണ്ഠനെ മലക്കപ്പാറ

പോലീസ് സബ് ഇൻസ്പെക്ടർ കസ്റ്റഡിയിലെടുത്ത് വൈദ്യപരിശോധനയ്ക്കുശേഷം കേസ് രജിസ്റ്റർ ചെയ്ത് രണ്ട് ആൾജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തു. കുറ്റപത്രം കോടതിയിൽ സമർപ്പിച്ചതിനെത്തുടർന്ന് വിചാരണ വേളയിൽ കോടതിയിൽ ഹാജരാകാത്തതിനാൽ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ച് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും പിഴയടയ്ക്കാൻ പണമില്ലാതിരുന്നതിനാൽ പതിനാല് ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്ത് ഇരിങ്ങാലക്കുട സബ് ജയിലിൽ അടച്ച ദിവസം രാത്രിയിൽ ടിയാന് തലകറക്കമുള്ളതായി സഹതടവുകാർ അറിയിച്ചതിനെത്തുടർന്ന് ജയിൽ ഉദ്യോഗസ്ഥർ ഇരിങ്ങാലക്കുട ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സ നൽകിയിരുന്നു. റിമാന്റ് കാലാവധി തീരുന്നതിന്റെ തലേദിവസം മധ്യമേഖലാ ഡി.ഐ.ജി. ജയിലിൽ മിന്നൽ പരിശോധന നടത്തുകയും മണികണ്ഠൻ ഉൾപ്പെടെയുള്ള തടവുകാരെ നേരിൽ കാണുകയും ചെയ്തുവെങ്കിലും ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചതായി പരാതിയൊന്നും പറഞ്ഞിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം എം.എൽ.എ.യുടെ ആവശ്യപ്രകാരം ജയിൽ ഡി.ജി.പി.-യോട് ഇക്കാര്യം അന്വേഷിക്കുകയും ആരോപണത്തിൽ അടിസ്ഥാനമില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജയിൽ ഉദ്യോഗസ്ഥർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കേണ്ട ആവശ്യമില്ല. ടിയാൻ അപേക്ഷ സമർപ്പിച്ചാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നോ പട്ടികജാതി വകുപ്പിൽ നിന്നോ

ചികിത്സാധനസഹായം ലഭ്യമാക്കുന്നതാണ്.

## (12) പൂന്താനം സ്മാരക യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തൽ

ശ്രീ. എം. ഉമ്മർ: മഞ്ചേരി നിയോജകമണ്ഡലത്തിലെ പൂന്താനം സ്മാരക യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്ത് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): മഞ്ചേരി നിയോജകമണ്ഡലത്തിലെ പൂന്താനം സ്മാരക യു.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൂന്താനം സംരക്ഷണ സമിതി ജനറൽ സെക്രട്ടറി സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (13 സർക്കാർ സ്കൂളുകൾ അപഗ്രേഡ് ചെയ്യൽ

ശ്രീ. സി. മമ്മൂട്ടി: തിരൂർ നിയോജകമണ്ഡലത്തിലെ ആദിവാസികൾ, പാർശ്വവത്കരിക്കപ്പെട്ടവർ തുടങ്ങിയവർ പഠിക്കുന്ന മലയോര-കടലോര-പിന്നോക്ക പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ചാണ്. ആയതിൻപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത ശേഷം അപേക്ഷകൾ സ്വീകരിച്ച് നടപടിയെടുക്കേണ്ടതായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. വളരെയേറെ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടക്കുന്ന സ്കൂൾ സർവ്വേ മാപ്പിംഗ് പൂർത്തിയാക്കിയതിനുശേഷം വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്ത് കോടതി വിധിയുടെ വെളിച്ചത്തിൽ അനിവാര്യമായ സ്ഥലങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. വിദ്യാഭ്യാസ അവകാശ നിയമം ശരിയായ രീതിയിൽതന്നെ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

## (14) അൺഎയ്ഡഡ് കോളേജുകളിൽ ആനുകൂല്യങ്ങൾ അനുവദിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ: അൺഎയ്ഡഡ് കോളേജുകളിലെ പട്ടിക ജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് നേരത്തെയുള്ള ഉത്തരവിലെ നിബന്ധനകളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് മേഖലയിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുവാനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. ഈ ആഴ്ചതന്നെ അതിന്റെ ഉത്തരവ് ഇറങ്ങുന്നതാണ്. മുൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## (15) ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന് ഭരണാനുമതി ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുകയും വാർഫ്, ലേലഹാൾ, അപ്രോച്ച് റോഡ് എന്നിവയ്ക്കുള്ള സ്ഥലമെടുപ്പ് നടപടികൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഹാർബറിലേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ പ്രൊപ്പോസൽ ഹൈലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ വിഷയം സംബന്ധിച്ച യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതാണ്.

## (16) സർക്കാരിതര ഖാദി ജീവനക്കാർക്ക് പെൻഷൻ

ശ്രീ. കെ. മുരളീധരൻ: സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർക്കാരിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ യാതൊരു പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത അംഗീകൃത ഖാദി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകണമെന്ന് ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച പി. ഗോപിനാഥൻ നായർ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കുന്ന ഘട്ടത്തിൽ സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (17) മേജർ ജില്ലാ റോഡുകൾ

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത്

വകുപ്പിന് കീഴിലുള്ള മേജർ ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റീട്ടാർ ചെയ്യുന്നതിനും ഫണ്ട് അനുവദിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പ്രധാന പൊതുമരാമത്ത് റോഡുകളുടെ ആവശ്യമായ ഭാഗങ്ങളിൽ ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പയ്യന്നൂർ മുതൽ ചെറുപുഴ വരെയുള്ള റോഡിന്റെ 35 കി.മീ. ദൂരം കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പുനരുദ്ധരിക്കുന്നതും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റീടാറിംഗ് നടത്തുന്നതുമാണ്.

## (18) റെയിൽവേ മേൽപ്പാലം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനും കടുത്തുരുത്തി റെയിൽവേ മേൽപ്പാലം സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുറുപ്പന്തറയിൽ റെയിൽവേ മേൽപ്പാല നിർമ്മാണപദ്ധതിക്കായുള്ള സർവ്വേയും മണ്ണുപരിശോധനയും പൂർത്തിയാക്കുകയും ജനറൽ അറേഞ്ചുമെന്റ് ഡ്രോയിംഗ്

(ജി.എ.ഡി) തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണവുമായി മുന്നോട്ടുപോകുന്നതാണ്. മുട്ടച്ചിറ-കല്ലറ റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം ഉടനെ ആരംഭിക്കുന്നതാണ്.

## (19) റോഡ് ഗതാഗത യോഗ്യമാക്കലും പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കലും

ശ്രീ. ഇ. കെ. വിജയൻ: വടകര-ബാംഗ്ലൂർ റോഡിലെ നാദാപുരം മുതൽ മുട്ടുംങ്ങൽ വരെ 11 കിലോമീറ്റർ ദൂരം സംസ്ഥാന പാതയായി ഉയർത്തി ബി.എം. & ബി.സി. റോഡാക്കി മാറ്റി ഗതാഗതയോഗ്യമാക്കുന്നതിനും തുരുത്തിമുക്ക് പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): നാദാപുരം മുതൽ മുട്ടുംങ്ങൽ വരെയുള്ള റോഡ് സംസ്ഥാന പാതയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. ഈ റോഡ് ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്താനുള്ള എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. തുരുത്തിമുക്ക് പാലത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (20) വാടി - മുളക്കട റോഡ്

ശ്രീ. പി.കെ. ഗുരുദാസൻ: കൊല്ലം നഗരത്തിലെ വാടി-മുളക്കട റോഡിന്റെ പുനർനിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): മുളക്കട ജംങ്ഷൻ മുതൽ വാടി വരെയുള്ള റോഡ് വികസനത്തിനായി 2009-ൽ നാല് കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നുവെങ്കിലും സ്ഥലം ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. 2014-ൽ 1,14,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് പരിഗണന നൽകുന്നതാണ്.

## (21) അങ്കമാലി ബൈപ്പാസ് റോഡും ശ്രീശങ്കരാചാര്യ സമാന്തര പാലം നിർമ്മാണവും

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി ബൈപ്പാസ് റോഡും കാലടി ശ്രീശങ്കരാചാര്യ സമാന്തര പാലവും യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പി.പി.പി. അടിസ്ഥാനത്തിൽ നടപ്പാക്കുന്ന അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക കണക്കാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി നൽകുന്നവർക്ക് ചില ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരികയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുടെ ഭരണാനുമതി 2012-ൽ നൽകിയിരുന്നുവെങ്കിലും അലൈൻമെന്റിന്റെ തർക്കംമൂലം പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗതീരുമാനപ്രകാരം കാലടി ഠൗണിന് ബൈപ്പാസ് നിർമ്മിച്ച് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് എത്തുവാൻ തക്കവണ്ണം പുന:ക്രമീകരിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിന് 75 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഉടൻതന്നെ അലൈൻമെന്റ് അംഗീകരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (22) ആദിവാസി കുട്ടികൾക്ക് സംരക്ഷണം

ശ്രീ. പി.കെ. ബഷീർ: ആദിവാസി സമൂഹത്തിലെ മുഴുവൻ കുട്ടികളും സ്കൂളിൽ

പോകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട കുട്ടികളെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുന്നതിനും ആദിവാസി മേഖലയിൽ വ്യാജവാറ്റ് തടയുന്നതിനും അന്യരുടെ പ്രവേശനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി.കെ ജയലക്ഷ്മി): ആദിവാസി ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി കൂടുതൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി നിയമപരവും സാമൂഹികവുമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മദ്യത്തിന്റെയും പുകയില ഉൽപന്നങ്ങളുടെയും ഉപഭോഗം തടയുന്നതിനും വ്യാജവാറ്റ് നിയന്ത്രിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 'കമിറ്റഡ് സോഷ്യൽ വർക്കേഴ്സി' നെ നിയമിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ്, പോലീസ്, എക്സൈസ് എന്നീ വകുപ്പുദ്യോഗസ്ഥരെ നിരന്തര പരിശോധനയും നിരീക്ഷണവും നടത്തുന്നതിന് നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആദിവാസികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതിനും മാധ്യമങ്ങളിൽ

വരുന്ന വാർത്തകളുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നേരിട്ട് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (23) എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ

ശ്രീമതി കെ. കെ. ലതിക: കോഴിക്കോട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): കോഴിക്കോട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കും ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേക്കുമുള്ള മൽസര പരീക്ഷ പി.എസ്.സി. നടത്തിയെങ്കിലും രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ നിയമനത്തിനായുള്ള മൽസര പരീക്ഷയ്ക്കുള്ള നോട്ടിഫിക്കേഷൻ ഇതുവരെ ഇറക്കിയിട്ടില്ല. മൂന്നാം ഗ്രേഡ് ഓവർസിയറുടെ മൽസര പരീക്ഷയ്ക്കുള്ള നോട്ടിഫിക്കേഷൻ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലികമായി ഓവർസിയർമാരെ നിയമിക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കുലർ

പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽനിന്നും പ്രൊമോഷൻ വഴി 65 അസിസ്റ്റന്റ് എഞ്ചിനീയർമാരെ ആനുപാതികമായി കോഴിക്കോട് ജില്ലയിൽ നിയമിക്കുന്നതാണ്. ജീവനക്കാരുടെ അഭാവം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ ഒഴിവുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്താൻ ഉത്തരവായിട്ടുണ്ട്. ലിസ്റ്റ് തയ്യാറാക്കണമെന്ന് പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എഞ്ചിനീയർമാർക്ക് പഞ്ചായത്തുകൾ നൽകുന്ന ശമ്പളം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യ വിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### ഭേദഗതി നൽകുന്നത് സംബന്ധിച്ച്

<u>ശ്രീ. എ. കെ. ബാലൻ:</u> 74 ഖണ്ഡങ്ങളുള്ള, ഉന്നതവിദ്യാഭ്യാസ മേഖലയിൽ

വളരെ പ്രാധാനപ്പെട്ട ഒരു ബില്ലാണ് സഭയിൽ വന്നിരിക്കുന്നത്. ചട്ടപ്രകാരം ബില്ലിന്മേൽ അംഗങ്ങൾക്ക് ഭേദഗതി കൊടുക്കുന്നതിന് രണ്ട് പൂർണ്ണദിവസം അനുവദിക്കാറുണ്ട്. നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അതിനെപ്പറ്റി പരാമർശിച്ചിട്ടുമുണ്ട്. എന്നാൽ ഇവിടെ അത് പാലിക്കപ്പെട്ടിട്ടില്ല. അതിനാൽ ഭേദഗതി സമർപ്പിക്കുന്നതിനായി രണ്ട് ദിവസത്തെ സമയം അനുവദിക്കണം.

## റൂളിംഗ്

മി. സ്പീക്കർ: 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടേയുള്ളൂ. കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ ബിൽ 29-7-2015-നാണ് പരിഗണനയ്ക്കെടുക്കുന്നത്. ചട്ടം 79(a)-പ്രകാരം സമയം വേവ് ചെയ്യാൻ ചെയറിന് അധികാരമുള്ളതിനാൽ ഈ ബില്ലിന് ഭേദഗതി നൽകാനുള്ള തീയതി 28-7-2015 രാവിലെ 11 മണി എന്നത് ഉച്ചയ്ക്കുശേഷം രണ്ട് മണിവരെ അനുവദിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം തുടർച്ച:

2. പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി രണ്ട് മുതൽ തൊണ്ണൂറ്റി ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### ചട്ടം 211-ന്റെ ലംഘനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണഘടനയുടെ ആർട്ടിക്കിൾ 211, നിയമസഭാ നടപടി ചട്ടം 284(1), 284(5) എന്നിവ പ്രകാരമാണ് ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ച സന്ദർഭത്തിൽ ഹൈക്കോടതി ജഡ്ജി മുമ്പാകെ പരിഗണനയിലുള്ള കേസ്സിന്റെ വിശദാംശങ്ങളെപ്പറ്റി മുഖ്യമന്ത്രി സഭയിൽ പരാമർശിച്ചത് അസാധാരണമായ നടപടിക്രമവും ഭരണഘടനാ വിരുദ്ധവുമാണ്. സബ്സ്റ്റാന്റീവ് മോഷന്റെ അടിസ്ഥാനത്തിലല്ലാതെ ഉന്നതസ്ഥാനത്തിരിക്കുന്ന ഒരാളെപ്പറ്റി സഭയിൽ ചർച്ച ചെയ്യാൻ പാടില്ല. ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് തെറ്റായ പരാമർശം ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സഭയ്ക്ക് പുറത്ത് നടത്തുകയുണ്ടായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബഹുമാനപ്പെട്ട മെമ്പർ എന്നെക്കുറിച്ച് നടത്തിയ പരാമർശം വസ്തുതാവിരുദ്ധമാണ്. ഞാൻ അത് നിഷേധിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ച വിഷയത്തിൽ മറുപടി പറയാനുള്ള ബാധ്യത മുഖ്യമന്ത്രിക്കുള്ളതുകൊണ്ടാണ് പറഞ്ഞത്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെയല്ല ഞാൻ പറഞ്ഞിട്ടുള്ളത്. ജുഡീഷ്യറിയെയും കോടതിവിധികളെയും മാനിക്കുന്ന സർക്കാരാണിത്. ഇത് ഗവൺമെന്റും ജുഡീഷ്യറിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസമാക്കി മാറ്റാനുള്ള ശ്രമം ശരിയല്ല. സർക്കാരിന്റെ അഭിഭാഷകർ മദ്യലോബിയുടെ ആളുകളാണെന്ന പരാമർശമുണ്ടായപ്പോൾ അവരെ സംരക്ഷിക്കാനുള്ള ബാധ്യത നിറവേറ്റുകയാണ് ചെയ്തിട്ടുള്ളത്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്ന പരാമർശത്തിനെതിരെ പ്രതികരിച്ചത് ആരെയും എതിർക്കാനോ അപമാനിക്കാനോ വേണ്ടിയല്ല. ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിനെതിരെ ഇന്ത്യൻ യൂണിയൻ അറ്റോർണി ജനറൽ ബാറുടമകൾക്കുവേണ്ടി ഹാജരായതിനെയാണ് ഞാൻ വിമർശിച്ചത്. കോടതിയെ അപമാനിക്കുന്ന ഒരു പരാമർശവും നടത്തിയിട്ടില്ല. ഈ കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യമാണ് പ്രകടിപ്പിച്ചത്.

## റൂളിംഗ്

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് ചട്ടത്തിൽ വ്യക്തമായി വ്യവസ്ഥയുണ്ട്.

എന്നാലും ഭരണഘടനയുടെ അനുച്ഛേദം 194 അനുസരിച്ച് അംഗങ്ങൾക്ക് സഭയിൽ സംസാരിക്കാൻ പ്രത്യേക പരിരക്ഷയുമുണ്ട്. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ കൊണ്ടുവരരുതെന്നും സഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കരുതെന്നും ഒന്നുകൂടി ചെയർ പറയുകയാണ്. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

## (1) 2015-ലെ ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമന്റ്മെന്റ്) റൂൾസിനുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. എ. കെ. ബാലൻ : 2015 മാർച്ച് 13-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 15/2015/ട്രാൻ. (എസ്.ആർ.ഒ. നമ്പർ 174/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമന്റ്മെന്റ്) റൂൾസിനുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു. ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമന്റ്മെന്റ്) റൂൾ 2015-ൽ റൂൾ 11 എ, 11 ബി എന്നീ ഭേദഗതികൾ കൂട്ടിച്ചേർക്കണം. വാഹനങ്ങൾ കണ്ടുകെട്ടുന്നതും വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികളാണ് ഇതിൽ വിശദീകരിക്കുന്നത്. സർക്കാർ ഭേദഗതി ചെയ്ത ചട്ടം റവന്യൂ റിക്കവറി ആക്റ്റിനും കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റ് 1976-നും എതിരാണ്. റവന്യൂ റിക്കവറി ആക്റ്റിൽ എങ്ങനെയാണോ വസ്തു നികുതി കുടിശ്ശിക പിരിക്കുന്നത് അതേ

രീതിയിലാണ് വാഹന നികുതി കുടിശ്ശികയും പിരിക്കേണ്ടതെന്ന് മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിലെ സെക്ഷൻ 13-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഭേദഗതി ചട്ടത്തിൽ സെക്ഷൻ 13-ൽ പറഞ്ഞിരിക്കുന്ന രീതിയിൽനിന്നും വ്യത്യസ്തമായി പറയുകയും ആ രീതിയിൽ കുടിശ്ശിക വസൂലാക്കാൻ പറ്റുന്നില്ലെങ്കിൽ സെക്ഷൻ 13 പ്രകാരം അത് ചെയ്യണമെന്ന് പറയുകയും ചെയ്യുന്നു. ഈ ചട്ടം ഒഴിവാക്കി റവന്യൂ റിക്കവറി ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം. ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1976-ലെ കേരള വാഹന നികുതി നിയമത്തിലെ 11-ാം വകുപ്പ്, 2014-ലെ ധനകാര്യ നിയമം ഭേദഗതി ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥപ്രകാരം മോട്ടോർ വാഹന നികുതി കുടിശ്ശികയുള്ള വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും കുടിശ്ശിക തീർത്ത് രസീത് ഹാജരാക്കുന്നതുവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനെയും പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നികുതി കുടിശ്ശിക ഭൂമിയിന്മേലുള്ള റവന്യൂ കുടിശ്ശികയായി കണക്കാക്കി റിക്കവറി നടപടികൾ നടത്തി ഈടാക്കുന്നതിനാണ് പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പ്

അനുശാസിക്കുന്നത്. വാഹനം അതിൻപ്രകാരം വിൽപ്പന നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ 11-ാം വകുപ്പ്, 2014-ലെ കേരള ധനകാര്യ നിയമത്തിലെ 7-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പ് പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത നിയമത്തിൽ ഭേദഗതി ചെയ്യപ്പെട്ട 11-ാം വകുപ്പ് പ്രകാരം നികുതി കുടിശ്ശികയുടെ പേരിൽ പിരിച്ചെടുക്കപ്പെട്ട വാഹനങ്ങൾ ചട്ടത്തിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം വിൽപ്പന നടത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള അധികാരം വിനിയോഗിച്ചുകൊണ്ടാണ് എസ്.ആർ.ഒ. നമ്പർ 174/2015 പ്രകാരം കേരള മോട്ടോർ വാഹന നികുതി (ഭേദഗതി) ചട്ടങ്ങൾ, 2015 വിജ്ഞാപനം ചെയ്തത്. പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ കാര്യം തീർപ്പാക്കുന്നത് റവന്യൂ റിക്കവറി നടപടികൾ പാലിച്ചുകൊണ്ടായിരിക്കണമെന്നും അതുവരെ വാഹനങ്ങൾ കസ്റ്റഡിയിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതി നിലവിലുള്ള നിയമത്തിന്റെ 11-ാം വകുപ്പിന്റെയും അതുപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. 174/2015 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങളുടെയും ഉദ്ദേശങ്ങളെ പരാജയപ്പെടുത്തുന്നതാണ്. ഭേദഗതികൾ അംഗീകരിക്കാൻ കഴിയില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

## (2) 2015-ലെ ദി ഓർഫനേജ് കൺട്രോൾ ബോർഡ് (കേരള) അമന്റ്മെന്റ് റഗുലേഷൻസിന് നൽകിയ ഭേദഗതി

ശ്രീ. കെ. എൻ. എ. ഖാദർ : 2015 ഏപ്രിൽ 6-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 25/2015/ എസ്.ജെ.ഡി. (എസ്.ആർ.ഒ. നമ്പർ 223/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി ഓർഫനേജ് കൺട്രോൾ ബോർഡ് (കേരള) അമന്റ്മെന്റ് റഗുലേഷൻസിനുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ റെഗുലേഷൻസിൽ ഉപേക്ഷിക്കപ്പെട്ട കുട്ടികളെക്കൂടി സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നതിനും പ്രായത്തിനനുസരിച്ച് കാറ്റഗറൈസ് ചെയ്യുന്നതിനും പഠന നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ഉമ്മർ: 2015 ഏപ്രിൽ 6-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 25/2015/ എസ്.ജെ.ഡി. (എസ്.ആർ.ഒ. നമ്പർ 223/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി ഓർഫനേജ് കൺട്രോൾ ബോർഡ് (കേരള) അമന്റ്മെന്റ് റഗുലേഷൻസിന് ഭേദഗതികൾ അവതരിപ്പിക്കുന്നു. അഞ്ച് വയസ്സിന് താഴെയും അതിന് മുകളിലും പ്രായമുള്ള കുട്ടികൾ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്താൽ എടുക്കുന്ന ചില നടപടിക്രമങ്ങളെ

സംബന്ധിച്ചുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. രണ്ട് പ്രായക്കാർക്കും ഒരുപോലെ നടപടിക്രമങ്ങൾ ബാധകമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഭേദഗതികൾ അവതരിപ്പിക്കുന്നത്. ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്നവ അംഗീകരിക്കുന്നു.

In regulation 9A. After regulation (4)(c), the following shall be added, namely:_

" (d) All homes shall provide minimum 1 computer for every 10 children" .

In regulation 10(4) for the words " in special" , the words " on reasonable" shall be substituted.

In regulation 12(1) after (g), the following shall be added:

" (h) The Director of Social Justice or his representatives

(i) The Secretary to Govt. Or his representatives

(j) Legislature Committee on the Welfare of Women, Children and Physically Handicapped."

താഴെപ്പറയുന്ന ഭേദഗതി ചെറിയ മാറ്റത്തോടുകൂടി അംഗീകരിക്കുന്നു.

In regulation 13(1) after the sub regulation (r), the following shall be added:

" (s) Register for the transfer of inmates. " .

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികൾ താഴെപ്പറയുന്ന ഭേദഗതിയോടുകൂടി അംഗീകരിക്കുന്നു.

നിലവിലുള്ള ഇനം (ഡി) യിലെ (ഐ) ഇനവുമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (ഐ) ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്.

In regulation 2, after 2 (17)(c) the following shall be added:

" (d) If the child dies in the hospital, the death certificate shall be obtained from the hospital;

(e) a photograph of the dead body shall be taken before the burial/cremation;

(f) If the home bury or cremate the dead body, the death certificate shall be kept in the institutions file;

(g) the death shall be registered with the Corporation or the Municipality or the Panchayath within three working days and the death certificate shall be

obtained;

(h) in case the relatives ask for the death certificate; the photocopy will be issued and the original will be kept in the institutions file;”

The existing '(d)' shall be rearranged as '(i)'.

After '(i)', the following shall be added :

“ (j) in case the relatives take the dead body, the original of the death certificate issued by the doctor will be given to them after making a copy of it to be kept in the home's file. In such cases, the relatives shall also acknowledge in the admission register that they have received the body and the death certificate and acknowledged it.”

ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമൂലം പ്രസ്തുത റെഗുലേഷന് കൂടുതൽ വ്യക്തതയും സുതാര്യതയും ഉറപ്പുവരുത്താൻ സാധിക്കും.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബില്ലും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബില്ലും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അട്ടിമറിക്കുകയും ഏക്കർ കണക്കിന് നിലങ്ങൾ നികത്തിക്കഴിഞ്ഞിരിക്കുകയുമാണ്. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിലൂടെ അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുകയാണ്. 2008-ന് മുമ്പ് നികത്തിയ നിലങ്ങൾക്ക് അംഗീകാരം കൊടുക്കുന്നതുവഴിയും വീണ്ടും അഴിമതി നടത്താനാണ് ശ്രമിക്കുന്നത്. ബാർ കുംഭകോണമുൾപ്പെടെയുള്ള ഗവൺമെന്റിന്റെ ഇത്തരം നയങ്ങളിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): യാഥാർത്ഥ്യം മനസ്സിലാക്കാതെയാണ് ഇത്തരം നിഷേധാത്മക നിലപാടുകൾ പ്രതിപക്ഷം സ്വീകരിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സ്റ്റാമ്പ് പേപ്പർ ഇനത്തിൽ ഇലക്ട്രിസിറ്റി കണക്ഷന് ഏർപ്പെടുത്തിയിട്ടുള്ള വർദ്ധനവും ഖാദിക്കും ബീഡിക്കും ഏർപ്പെടുത്തിയിരിക്കുന്ന നികുതിയും പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡിക്ക് നികുതി ചുമത്തിയാൽ മാത്രമേ പുറത്തുനിന്നും കൊണ്ടുവരുന്ന ബീഡിക്ക് നികുതി ചുമത്താൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ബീഡി തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനക്ഷേമകരവും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിലൂന്നിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സ്വർണ്ണത്തിന്മേൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഒരു ശതമാനമാക്കി കുറയ്ക്കുന്നതിനും അനധികൃത

സ്വർണ്ണക്കടത്ത് തടയുന്നതിനും നടപടി സ്വീകരിക്കണം. ബീഡിക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി പിൻവലിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഖാദി-കൈത്തറി തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി പിൻവലിക്കണം. സ്വർണ്ണക്കടകളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് പരിശോധിക്കണം. നിലവിലുള്ള നികുതി ഘടനയിൽ വന്നിട്ടുള്ള അപാകത പരിഹരിക്കണം. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഭൂമാഫിയകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനും തയ്യാറാകണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും ആധുനിക സംവിധാനമുപയോഗിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ഭൂമാഫിയയ്ക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്നതിനും

തയ്യാറാകണം. 2008-ലെ നിയമം നിലവിൽ വരുന്നതിനുമുമ്പ് പരിവർത്തനപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കൃത്യമായ ഘടന സാറ്റലൈറ്റ് മാപ് വഴി പരിശോധിക്കാതെ ഭൂമി റെഗുലറൈസ് ചെയ്തുകൊടുക്കാൻ പാടില്ല. 2008-ന് ശേഷം നികത്തിയിട്ടുള്ള ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് ലഭ്യമാക്കണം. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതിയില്ലാതെ ധനകാര്യ ബില്ലിലൂടെ ഇത്തരമൊരു വ്യവസ്ഥ കൊണ്ടുവരാൻ കഴിയുമോ എന്നത് പരിശോധിക്കണം. ഖാദി തുണിത്തരങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കണം. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മുദ്രപ്പത്രത്തിന്റെ വില വർദ്ധിപ്പിച്ചതും ഭൂമിക്ക് അധിക നികുതി ഏർപ്പെടുത്തിയതും പിൻവലിക്കണം. സ്വർണ്ണത്തിന് ഏർപ്പെടുത്തിയ വാറ്റ്-ൽ നിന്നും സർക്കാർ പിൻമാറരുത്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതോടുകൂടി സർക്കാരിന് അധിക വരുമാനം ലഭിക്കുന്നതോടൊപ്പം ലക്ഷക്കണക്കിന് ആളുകളുടെ ഭൂമിക്ക് അംഗീകാരം കിട്ടുകയും ചെയ്യും. കൃഷി കൊമേഴ്സ്യൽ ലാന്റായി കൺവെർട്ട് ചെയ്യുന്നത് സംബന്ധിച്ച് ആലോചിക്കണം.

ഭൂനികുതിയും കെട്ടിട നികുതിയും വർദ്ധിപ്പിച്ച നടപടിയെ പിന്തുണയ്ക്കുന്നു. സ്വർണ്ണ വ്യാപാര മേഖലയിൽനിന്നും കൃത്യമായി നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): വൈദ്യുതി കണക്ഷന് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള തുക 200 രൂപയായി കുറയ്ക്കാനും ഗോൾഡിന്റെ ടേൺ ഓവർ ബെയ്സിൽ നികുതി ഈടാക്കിയാൽ ആദായം കൂടുമോ എന്നത് പരീക്ഷിച്ചറിയാനും നെൽ വയൽ നികത്തൽ റെഗുലറൈസ് ചെയ്യൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ ഭേദഗതിയിലൂടെ മാറ്റിയെടുക്കാനും തീരുമാനിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബില്ലും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## (1) 2015-ലെ കേരള ധനകാര്യ ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണന

### 2 മുതൽ 9 വരെയുള്ള വകുപ്പുകൾ

ഭേദഗതി ഇല്ല.

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

## 1-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

44. In clause 1(2)(i), the following words, figures, letters and brackets shall be inserted at the beginning, namely:-

" clause (b) of sub-section (1),"

45. In clause 1(2) (ii), the following words, figures and brackets shall be inserted at the beginning, namely:-

" sub-section (18) and"

46. In clause 1(2) (iii)

(i) after the word and figure, " section 4" the word, " and" shall be inserted;

(ii) the words, figure, letter and brackets, " and entry 7A of sub-clause (ii) of clause (b)" shall be omitted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2015-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

44. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ യിൽ, "ആദിവാസിയോ" എന്ന വാക്കിനു പകരം "അധിവാസിയോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

ഭേദഗതി ഇല്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>): 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ.</u>

<u>കുഞ്ഞാലിക്കുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.)

******